പതിനാലാം കേരള നിയമസഭ

# ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 897** **11.07.2016-ന് മറുപടിയ്ക്ക്**

**അയവന ഗവ.ടെക്നിക്കൽ ഹൈസ്കൂൾ സ്ഥലം ഏറ്റെടുക്കൽ നടപടി**

| ചോദ്യം<br>ശ്രീ.എൽദോ എബ്രഹാം | | ഉത്തരം<br>ശ്രീ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ അയവന ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | എ) | അയവന ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിന് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ സ്ഥലവില നിശ്ചയിച്ച് സ്റ്റേറ്റ് ലവൽ എംപവേർഡ് കമ്മിറ്റി (SLEC) അംഗീകാരം നൽകിയതിനെ തുടർന്ന് ഡയറക്ട് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് ജില്ലാ കളക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ടെക്നിക്കൽ ഹൈസ്കൂൾ നടത്തുന്നതിന് കുറഞ്ഞത് എത്ര ഏക്കർ സ്ഥലം ആവശ്യമുണ്ടെന്നും അയവന സ്കൂളിന് എത്ര ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകി നടപടി തുടങ്ങിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | ബി) | ടെക്നിക്കൽ ഹൈസ്കൂൾ നടത്തുന്നതിന് കുറഞ്ഞത് എത്ര ഏക്കർ സ്ഥലം ആവശ്യമെന്ന വിവരം ശേഖരിച്ച് വരുന്നു. അയവന ടെക്നിക്കൽ സ്കൂളിന് 68.79 ആർ (1.70 ഏക്കർ) സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപടിയിൽ സ്ഥലത്തിന് വില നിശ്ചയിച്ചതിലെ അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ